**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **27-07-2021 - ൽ മറുപടിയ്ക്ക്**

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചു വരുന്ന നടുവണ്ണൂർ വോളീബോൾ അക്കാഡമിയുടെ സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ 85% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ ഫയർ & സേഫ്റ്റി വർക്കുകളും പേവർ ബ്ലോക്ക് ഫ്ളോറിംഗുമാണ് ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ആഗസ്റ്റ് മാസം അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തിയുടെ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളായ മേപ്പിൾവുഡ് ഫ്ളോറിംഗും സിന്തറ്റിക് കോർട്ടും നിർമ്മിക്കുന്നതിന് വേണ്ട 4-ാമത്തെ റീ-ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. മേപ്പിൾവുഡ് ഫ്ളോറിംഗ്, സിന്തറ്റിക് ഫ്ളോറിംഗ് എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ചാൽ മാത്രമേ അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളു. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചു വരുന്ന നടുവണ്ണൂർ വോളീബോൾ അക്കാഡമിയുടെ സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ 85% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ ഫയർ & സേഫ്റ്റി വർക്കുകളും പേവർ ബ്ലോക്ക് ഫ്ളോറിംഗുമാണ് ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ആഗസ്റ്റ് മാസം അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തിയുടെ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളായ മേപ്പിൾവുഡ് ഫ്ളോറിംഗും സിന്തറ്റിക് കോർട്ടും നിർമ്മിക്കുന്നതിന് വേണ്ട 4-ാമത്തെ റീ-ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. മേപ്പിൾവുഡ് ഫ്ളോറിംഗ്, |

| | | | |
|---|---|---|---|
| | | | സിന്തറ്റിക് ഫ്ളോറിംഗ് എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ചാൽ മാത്രമേ അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളു. |
| (സി) | അക്കാദമിയിൽ കായിക താരങ്ങൾക്ക് പരിശീലനം ആരംഭിക്കുന്നതിനായി എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്; ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ? | (സി) | വോളീബോൾ അക്കാഡമി യാഥാർത്ഥ്യമാക്കാനുള്ള തരത്തിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കായിക താരങ്ങൾക്ക് പരിശീലനത്തിനായി ഒരു മേപ്പിൾവുഡ് കോർട്ടും ഒരു സിന്തറ്റിക് കോർട്ടുമാണ് ഈ അക്കാഡമിയിൽ നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ